# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ജൂലൈ 29, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**I. അടിയന്തരപ്രമേയം**

നിയമസഭയിൽ നടന്ന പ്രതിഷേധങ്ങളെ സംബന്ധിച്ച കേസ്

മി. സ്പീക്കർ: 2015 മാർച്ച് 13-ാം തീയതി നിയമസഭയിലുണ്ടായ സംഭവങ്ങളെ സംബന്ധിച്ച കേസിൽ സർക്കാരിന്റെ അപ്പീൽ തള്ളുകയും ഒരു മന്ത്രിയടക്കമുള്ള കുറ്റാരോപിതർ വിചാരണ നേരിടണമെന്നുള്ള

ബഹു. സുപ്രീംകോടതി വിധിയുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സുപ്രീംകോടതിയുടെ വിധി അംഗീകരിക്കുന്ന സമീപനമാണ് സർക്കാരിനുള്ളത്. പതിമൂന്നാം കേരള നിയമസഭയിൽ 2015 മാർച്ച് 13-ന് നടന്ന പ്രതിഷേധങ്ങളെയും മറ്റു സംഭവങ്ങളെയും ആസ്പദമാക്കി മ്യൂസിയം പോലീസ് കേസ് രജിസ്റ്റർ ചെയ്തതു സംബന്ധിച്ച് സർക്കാരിന് ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധന നടക്കുകയും കേസ് പിൻവലിക്കുന്നതിന് സർക്കാരിന് എതിർപ്പില്ലെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തതിനെത്തുടർന്ന് പബ്ലിക് പ്രോസിക്യൂട്ടർ കേസ് പിൻവലിക്കാൻ അപേക്ഷ നൽകി. പ്രോസിക്യൂഷന്റെ നിർദ്ദേശം വിചാരണ കോടതി അംഗീകരിക്കാത്തതിനാൽ ഹൈക്കോടതിയിലും തുടർന്ന് സുപ്രീംകോടതിയിലും കേസ് ഫയൽ ചെയ്തു. കേസ് പിൻവലിക്കാനുള്ള അനുമതി നൽകിയില്ലെങ്കിലും ഇത്തരമൊരു അപേക്ഷ പബ്ലിക്

പ്രോസിക്യൂട്ടർ നൽകിയതിൽ അസ്വാഭാവികതയോ ദുരുദ്ദേശമോ ഇല്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായത്തിൽ പറഞ്ഞിട്ടുണ്ട്. സർക്കാരിന്റെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ എന്തെങ്കിലും വീഴ്ചയുണ്ടായതായി പറയാൻ കഴിയില്ല. എന്നാൽ സുപ്രീംകോടതി വിധി അനുസരിക്കാൻ നാമെല്ലാവരും ബാദ്ധ്യസ്ഥരായതിനാൽ അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകും.

ശ്രീ. പി. ടി. തോമസ്: കേരള നിയമസഭയുടെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായ നിയമസഭാ കയ്യാങ്കളിക്കേസിൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി അടക്കം വിചാരണ നേരിടണമെന്ന സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ അതീവ ഗുരുതരമായ സാഹചര്യമാണുണ്ടായിരിക്കുന്നത്. അഴിമതിക്കാരനായ ധനകാര്യ വകുപ്പുമന്ത്രി കെ. എം. മാണിയെ ബഡ്ജറ്റ് അവതരിപ്പിക്കാൻ അനുവദിക്കില്ല എന്നു പറഞ്ഞ് പ്രതിപക്ഷത്തെ കുറെ എം.എൽ.എ.-മാർ സ്പീക്കറുടെ ഡയസിൽ ഇരച്ചുകയറി കണ്ണിൽ കണ്ടതെല്ലാം തകർത്ത് നിയമസഭയ്ക്കാകെ അപമാനമുണ്ടാക്കിയ സംഭവമാണ് കേസിനാധാരമായിട്ടുള്ളത്. തുടർന്ന് അന്നത്തെ നിയമസഭാ സെക്രട്ടറി മ്യൂസിയം പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് തിരുവനന്തപുരം ജുഡീഷ്യൽ

ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഫയൽ ചെയ്തു. കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് പിണറായി സർക്കാർ കീഴ്ക്കോടതിയെയും ഹൈക്കോടതിയെയും സമീപിച്ചെങ്കിലും പ്രസ്തുത ആവശ്യം തള്ളിയതിനെത്തുടർന്ന് സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സമർപ്പിച്ചെങ്കിലും സർക്കാരിനെതിരെ രൂക്ഷവിമർശനമുണ്ടായി. കേസിലെ അഞ്ചാം പ്രതിയായ ശ്രീ. വി. ശിവൻകുട്ടി ഇപ്പോൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. പൊതുമുതൽ നശിപ്പിച്ച അദ്ദേഹം രാജിവയ്ക്കുകയോ അല്ലെങ്കിൽ പുറത്താക്കുകയോ ചെയ്യണം. പ്രസ്തുത വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി രാജിവയ്ക്കേണ്ട പ്രശ്നമായി ഇതിനെ കാണേണ്ടതില്ല. നിയമസഭയിൽ നടന്ന സംഭവവികാസങ്ങളുടെ പേരിൽ ബഹു. സ്പീക്കർ തന്നെ സഭാ ചട്ടപ്രകാരം ചില അംഗങ്ങൾക്കെതിരെ നടപടിയെടുത്തിരുന്നു. നിയമസഭയുടെ നടത്തിപ്പിനായുള്ള ചട്ടങ്ങൾ രൂപീകരിക്കാനും സഭയുടെ അന്തസ്സിന് നിരക്കാത്ത പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും സ്പീക്കർക്ക് അധികാരമുണ്ട്. എന്നിട്ടും വിഷയം ക്രിമിനൽ കേസിന്റെ പരിധിയിൽ കൊണ്ടുവരുന്ന ഏകപക്ഷീയമായ നടപടികളാണ്

ഉണ്ടായിട്ടുള്ളത്. വനിതാ എം.എൽ.എ.മാർ ഉൾപ്പെടെയുള്ളവരുടെ പരാതികൾ പോലീസിന് കൈമാറിയിട്ടില്ല. ഇന്ത്യയുടെ ഭരണഘടന പാർലമെന്റിലെയും നിയമസഭകളിലെയും അംഗങ്ങൾക്ക് ചില പ്രിവിലേജുകൾ നൽകിയിട്ടുണ്ട്. നിയമസഭയ്ക്കുള്ളിൽ നടക്കുന്ന സംഭവങ്ങൾ ഭരണഘടനാനുസൃതമായി നിർമ്മിച്ചിട്ടുള്ള ചട്ടങ്ങൾ വഴി പരിഹരിക്കുന്ന രീതിയാണ് പൊതുവെ സ്വീകരിക്കാറുള്ളത്. നിയമസഭയുടെ പ്രിവിലേജുമായി ബന്ധപ്പെട്ട സംവിധാനം നിലനിർത്താനാണ് സർക്കാർ പരിശ്രമിച്ചത്. സുപ്രീം കോടതി ആരേയും പ്രത്യേകമായി പേരെടുത്ത് പരാമർശിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ പ്രശ്നം അന്നത്തെ സ്പീക്കർ തീർപ്പുകൽപ്പിച്ചതും ശിക്ഷാനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. ടി വിഷയം പ്രസക്തിയില്ലാത്തതും ജനാധിപത്യമൂല്യങ്ങൾക്ക് നിരക്കാത്തതുമാണ്. സുപ്രീം കോടതി വിധിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പരിശോധിക്കുകയും അതനുസരിച്ചുള്ള നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്യുന്നതാണ്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സുപ്രീം കോടതി വിധിക്കെതിരായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്. ഇന്ത്യയിലെ എല്ലാ പൗരന്മാരും സുപ്രീം കോടതി വിധി അനുസരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഒരു വശത്ത് വിധി സ്വീകരിക്കാൻ തയ്യാറാണെന്ന് പറയുകയും മറുവശത്ത് വിധിയുടെ ഓരോ ഘടകങ്ങളെയും ചോദ്യം ചെയ്യുകയും ചെയ്യുന്ന നടപടി പ്രതിഷേധാർഹമാണ്. പൊതുമുതൽ നശിപ്പിച്ചവർ വിചാരണയ്ക്ക് വിധേയരായില്ലെങ്കിൽ നീതിന്യായ വ്യവസ്ഥയിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടും. പൊതുമുതൽ നശിപ്പിച്ചവരെ സംരക്ഷിക്കാൻ സംസ്ഥാന ഖജനാവിലെ പണം ദുരുപയോഗം ചെയ്ത നടപടി അപലപനീയമാണ്. സംസ്ഥാന നിയമസഭയിലെ ഒരു മന്ത്രി വിചാരണ നേരിടുന്നത് ഉദാത്തമായ ജനാധിപത്യബോധത്തിനും സംസ്ഥാനത്തിന്റെ കീഴ്വഴക്കങ്ങൾക്കും ചേർന്നതല്ലാത്തതിനാൽ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വിചാരണ നേരിടുന്ന സാഹചര്യം ഒഴിവാക്കണം. മന്ത്രി രാജി വയ്ക്കേണ്ടതില്ലെന്ന നിലപാട് ജനാധിപത്യവിരുദ്ധവും കീഴ്വഴക്കങ്ങൾക്കും ധാർമ്മികതയ്ക്കുമെതിരായ സന്ദേശം നൽകുന്നതുമാണ്. ഈ നിലപാടിനോട് പ്രതിപക്ഷം യോജിക്കുന്നില്ല.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

## II. ശ്രദ്ധക്ഷണിക്കൽ

### കയർ മേഖലയ്ക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ്

ശ്രീ. പി. പി. ചിത്തരഞ്ജൻ: കോവിഡ് വ്യാപനംമൂലം പ്രതിസന്ധിയിലായ കയർ മേഖലയ്ക്ക് പ്രത്യേക പുനരുദ്ധാരണ പാക്കേജ് പ്രഖ്യാപിക്കുന്നതിനും നിലവിലുള്ള കയർ ഉല്പന്നങ്ങൾ ഓണത്തിനുമുമ്പ് സംഭരിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): പരമ്പരാഗത വ്യവസായമായ കയർമേഖലയെ സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ച കയർ രണ്ടാം പുന:സംഘടന നടപ്പാക്കിവരികയാണ്. ഈ മേഖലയുടെ ആധുനികവൽക്കരണത്തിനും വിപണി വിപുലീകരണത്തിനും പുതിയ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും മുന്തിയ പരിഗണനയാണ് നൽകുന്നത്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് സഹായകമായ ഡീഫൈബറിംഗ് മില്ലുകളുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ ചകിരി ഉല്പാദനം 32 ശതമാനം വർദ്ധിച്ചിട്ടുണ്ട്.

സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ കയർ തൊഴിലാളികൾക്ക് ആയിരം രൂപ വീതം നൽകുന്നതിന് തീരുമാനിക്കുകയും ഉല്പാദിപ്പിച്ച കയർ സംഭരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി രാജി വയ്ക്കാത്തതിലും മുഖ്യമന്ത്രി രാജി ആവശ്യപ്പെടാത്തതിലും പ്രതിഷേധിച്ച് പ്രതിപക്ഷം ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്കരിച്ചു.)

## III. സബ്മിഷൻ

### 1. അമൽകൃഷ്ണയുടെ തിരോധാനം

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂരിൽ കാണാതായ പ്ലസ് വൺ വിദ്യാർത്ഥി അമൽകൃഷ്ണയെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 18-03-2021-ന് അമ്മയോടൊപ്പം ബാങ്കിൽ പോയ മകൻ അമൽകൃഷ്ണയെ കാണാനില്ലെന്ന പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സി.സി.ടി.വി. ദൃശ്യങ്ങൾ, മൊബൈൽ ഫോൺ ടവർ ലൊക്കേഷൻ, കോൾ ഡീറ്റെയിൽസ്, ബാങ്ക് അക്കൗണ്ട്, ലാപ് ടോപ്പ് എന്നിവ സൈബർ സെല്ലും പോലീസും

പരിശോധന നടത്തിയും നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ, തമിഴ്നാട് പോലീസ്, റെയിൽവേ പോലീസ്, സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോ, സാമൂഹിക മാധ്യമങ്ങൾ എന്നിവ വഴി ഫോട്ടോ അടക്കമുള്ള വിവരങ്ങൾ നൽകിയും കുട്ടിയെ കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. നിലവിൽ ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘമാണ് കേസ് അന്വേഷിക്കുന്നത്.

## 2. കോളനി നിവാസികളുടെ പുനരധിവാസം

ശ്രീ. ടി. ഐ. മധുസൂദനൻ: ആറാട്ട് കടവ് കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ആറാട്ടുകടവ് പട്ടികവർഗ്ഗ കോളനിയിലെ കുടുംബങ്ങൾക്ക് വിവിധ സ്ഥലങ്ങളിൽ നൽകിയ ഭൂമി വാസയോഗ്യമല്ലാത്തതിനാൽ കുടുംബങ്ങളെ ഒരു സ്ഥലത്ത് താമസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത കുടുംബങ്ങൾക്ക് നൽകിയ ഭൂമി പതിവ് റദ്ദ് ചെയ്ത് പെരിങ്ങോം വില്ലേജിലെ ഒന്നേകാൽ ഏക്കർ മിച്ചഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

3. ക്ഷാമബത്ത കുടിശ്ശിക

ശ്രീ. ഡി. കെ. മുരളി: ബാംബൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുന്നതിനും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കേരള സംസ്ഥാന ബാംബൂ മിഷൻ വഴി കോർപ്പറേഷന്റെ 11 പ്രോജക്ടുകൾ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും അവയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് അംഗീകരിച്ച് നടപ്പിലാക്കുന്ന മുറയ്ക്ക് പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. ക്ഷാമബത്ത കുടിശ്ശിക തീർക്കുന്നതിന് 12 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

4. നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ച്ചർ അക്കാദമി

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂരിലെ നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ച്ചർ അക്കാദമിയുടെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): ചാത്തന്നൂരിൽ നാഷണൽ കൺസ്ട്രക്ഷൻ & ഇൻഫ്രാസ്ട്രക്ച്ചർ അക്കാദമി

ആരംഭിക്കുന്നതിന് കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുള്ളതും അനിവാര്യവും കാലോചിതവുമായ കൂട്ടിച്ചേർക്കലുകൾ വരുത്തി സമർപ്പിച്ച പുതുക്കിയ രൂപരേഖയിൽ ഭേദഗതികൾ വരുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നതും രൂപരേഖ അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

## 5. ടൂറിസം സർക്യൂട്ട്

ശ്രീ. എം. എസ്. അരുൺ കുമാർ: മാവേലിക്കരയിൽ ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മാവേലിക്കരയും സമീപ പ്രദേശങ്ങളുമുൾപ്പെട്ട ഓണാട്ടുകര മേഖലയുടെ പൈതൃകവും തനത് കൃഷിരീതികളും കോർത്തിണക്കി ടൂറിസം സർക്യൂട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതും ആലപ്പുഴ ജില്ലയിലെ ജനപ്രതിനിധികളുടെ യോഗത്തിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുന്നതുമാണ്.

6. സൗജന്യ ഓൺലൈൻ റെയിൽവേ യാത്രാ റിസർവേഷൻ

ശ്രീ. കെ. ബാബു (നെന്മാറ): ആർ.സി.സി.-യിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്കുള്ള സൗജന്യ റെയിൽവേ യാത്രാ റിസർവേഷൻ ഓൺലൈൻ വഴിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ക്യാൻസർ രോഗികൾക്കുള്ള സൗജന്യ റെയിൽവേ യാത്രയ്ക്ക് ഓൺലൈൻ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തണമെന്നഭ്യർത്ഥിച്ച് കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

## IV. മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 166 (1), ചട്ടം 47 (2) എന്നിവ പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ടും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ

(88,18,95,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

(635,54,74,000 രൂപ)

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIII - മത്സ്യബന്ധനം

(260,64,13,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വാഹന നികുതികൾ എന്ന IX-ാം ധനാഭ്യർത്ഥനയേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചില്ല.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഗതാഗത വകുപ്പിൽ നടത്തുന്ന നവീകരണ പ്രവർത്തനങ്ങളെ സ്വാഗതം ചെയ്യുന്നു. വാഹനങ്ങളുടെ ഗതി നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനും ജി.പി.എസ്. വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം ആരംഭിച്ചതുവഴി റോഡപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനം മെച്ചപ്പെടുത്താനും അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനും കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാനും ജീവനക്കാരുടെ ശമ്പളം ജി-സ്പാർക്ക് വഴി നൽകാനും ശമ്പളപരിഷ്കരണം നടപ്പിലാക്കാനും സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. പിരിച്ചുവിട്ട എം-പാനൽ ജീവനക്കാരെ തിരിച്ചെടുക്കാനും ഗ്രാമപ്രദേശങ്ങളിൽ കരാർ അടിസ്ഥാനത്തിൽ

സർവ്വീസുകൾ ആരംഭിക്കാനുമുള്ള നടപടി സ്വീകരിക്കണം. ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പ് ഉൾനാടൻ മത്സ്യകൃഷി ആരംഭിച്ചതും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്നതും അഭിനന്ദനാർഹമാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബഡ്ജറ്റിൽ മത്സ്യബന്ധന മേഖലയ്ക്ക് കഴിഞ്ഞ വർഷത്തെക്കാൾ കൂടുതൽ തുക വകയിരുത്തിയ നടപടിയെ സ്വാഗതം ചെയ്യുന്നു. മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയത് അഭിമാനകരമാണ്. പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കലിന് തടസ്സമാകുന്ന ലാൻഡ് വാല്യൂ സംബന്ധിച്ച ഉത്തരവ് പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കണം. ഫിഷറീസ് യൂണിവേഴ്സ്റ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ദേശീയപാത വികസനത്തിന് സ്ഥലമേറ്റെടുത്തതും മലയോര - തീരദേശ ഹൈവേകളും ദേശീയ ജലപാതയും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചതും ഹൈസ്പീഡ് ട്രെയിൻ പദ്ധതി ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. ഗതാഗത വകുപ്പിന്റെ

സേവനങ്ങൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായുള്ള വാഹൻ സാരഥി ആപ്പിലെ അപാകതകൾ പരിഹരിക്കണം.

<u>ശ്രീമതി കാനത്തിൽ ജമീല</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ.എസ്.ആർ.ടി.സി.-യെ പുനരുജ്ജീവിപ്പിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. 13 സബ് ആർ.ടി. ഓഫീസുകൾ പുതുതായി ആരംഭിക്കാൻ കഴിഞ്ഞതോടൊപ്പം വാഹന ചെക്ക് പോസ്റ്റുകളുടെ നവീകരണവും ആധുനികവത്കരണവും പൂർത്തിയാക്കാനും കഴിഞ്ഞു. റോഡ് സുരക്ഷയ്ക്കാവശ്യമായ നിരവധി പദ്ധതികൾ ആവിഷ്കരിച്ചതും റോഡ് സുരക്ഷാ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചതും സ്വാഗതാർഹമാണ്. ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ടും വാട്ടർ ടാക്സിയും കേരളത്തിലാണെന്നുള്ളത് അഭിമാനകരമാണ്. മത്സ്യത്തൊഴിലാളികൾക്കായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കിയതും മുട്ടത്തറയിലെ 192 ഫ്ലാറ്റുകളടക്കം സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ നിരവധി ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നതും അഭിമാനകരമാണ്. കിഫ്ബി വഴി 77

കോടി രൂപ ചെലവിൽ 56 തീരദേശ സ്കൂളുകളുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഓഖി ദുരന്തത്തിനിരയായവർക്ക് വീട്, തൊഴിൽ, ഡിഗ്രി വരെയുള്ള സൗജന്യ വിദ്യാഭ്യാസം എന്നിവ അനുവദിച്ചത് മാതൃകപരമായ നടപടിയാണ്. കൊയിലാണ്ടിയിലെ ഹാർബർ അടക്കം സംസ്ഥാനത്തെ മിക്ക ഹാർബറുകളും കമ്മീഷൻ ചെയ്ത നടപടിയും കടൽക്ഷോഭമുണ്ടായാൽ തീരദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി മാറ്റിപ്പാർപ്പിക്കുന്നതിനുള്ള 'പുനർഗേഹം പദ്ധതി'യും സ്വാഗതാർഹമാണ്. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കടൽക്ഷോഭം പ്രതിരോധിക്കുന്നതിനായി പുലിമുട്ട് നിർമ്മിക്കുന്നതിനാവശ്യമായ സഹായം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തീരദേശമേഖലയ്ക്കും മത്സ്യത്തൊഴിലാളികൾക്കും സമഗ്രമായ വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത്. ഫിഷറീസ് സ്റ്റാൾ എന്ന നൂതന സംരംഭം കേരളത്തിലെ എല്ലാ ഭാഗത്തും ആരംഭിച്ചതും ഓഖി ദുരന്തത്തിൽ നഷ്ടപ്പെട്ട വീടുകൾ പുനർനിർമ്മിച്ചുനൽകിയതും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരത്തുക നൽകിയതും ട്രോളിംഗിന്റെ കാലയളവിൽ ജോലി നഷ്ടപ്പെടുന്നവർക്ക്

സൗജന്യ റേഷൻ നൽകുന്നതും സ്വാഗതാർഹമായ കാര്യങ്ങളാണ്. മത്സ്യബന്ധന യാനങ്ങൾ കടലിൽ പോകുന്നതും തിരികെ വരുന്നതും അറിയുന്നതിനായി 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ച് നടപ്പാക്കി. പൊതു ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പാക്കി. ഗതാഗത വകുപ്പുവഴി 2016-2021 കാലഘട്ടത്തിൽ 16,500 കോടി രൂപ സർക്കാരിലേയ്ക്ക് ലഭിച്ചിട്ടുണ്ട്. ഇ-മൊബിലിറ്റി ഉൾപ്പെടെ എഴുപതോളം ഇലക്ട്രിക് വാഹനങ്ങൾ നിരത്തിലിറക്കി. കോവിഡ് കാലത്ത് നിറുത്തിവച്ചതും കോട്ടയം ജില്ലയിൽ നിന്ന് മലബാർ മേഖലയിലേയ്ക്കുള്ളതുമായ സ്വകാര്യ ബസ് സർവ്വീസുകൾക്ക് പെർമിറ്റ് നൽകാനും ചങ്ങനാശ്ശേരി ബോട്ടുജെട്ടിയിൽ നിന്നും 'സീ കുട്ടനാട്' എന്ന പ്രോഗ്രാം ഓപ്പറേറ്റ് ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. പി. സുമോദ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് പ്രതിസന്ധിക്കുപുറമെ ഇന്ധന വിലവർദ്ധനവും പൊതുഗതാഗത മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ദേശസാൽകൃത റൂട്ടുകളും ബൈ റൂട്ടുകളും ഒരുപോലെ പ്രയോജനപ്പെടുത്താൻ കെ.എസ്.ആർ.ടി.സി.ക്ക് സാധിക്കണം. ഇന്റർസ്റ്റേറ്റ് സർവ്വീസിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും വടക്കൻ ജില്ലകളിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ കുറവ്

പരിഹരിക്കുന്നതിനും വടക്കാഞ്ചേരിയിൽ ഡിപ്പോയും ജില്ലാ വർക്ക്ഷോപ്പും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സ്റ്റേ സെന്ററുകൾ ആരംഭിച്ചാൽ പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കും. പരിസ്ഥിതി മലിനീകരണം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഇലക്ട്രിക് വെഹിക്കിൾ പോളിസിക്ക് സർക്കാർ അംഗീകാരം നൽകിയത് സ്വാഗതാർഹമാണ്. ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന വാട്ടർ ആംബുലൻസ് പദ്ധതി ആരംഭിക്കുന്നതിനും ഇന്ത്യയിലെ ആദ്യത്തെ സോളാർ യാത്രാ ബോട്ട് വൈക്കം-തവണക്കടവ് റൂട്ടിൽ ആരംഭിക്കുന്നതിനും അതിവേഗ എ.സി. ബോട്ട് നടപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ സഹകരണ സംഘങ്ങൾ മുഖാന്തരം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മത്സ്യഫെഡ് മുഖേന ആരംഭിച്ച മത്സ്യ സ്റ്റാളുകളിൽ ആവശ്യമായ മത്സ്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിയ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി സ്വാഗതാർഹമാണ്.

<u>ശ്രീ. തോമസ് കെ തോമസ്</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് പ്രതിസന്ധി ഘട്ടത്തിൽ കഴിയുന്നത്ര സമാശ്വാസ നടപടികൾ ജനങ്ങൾക്ക് നൽകിവരികയാണ്. ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനും എല്ലാവർക്കും ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും സർക്കാർ കുതിച്ചുചാട്ടമാണ് നടത്തിയിട്ടുള്ളത്. പുന്നപ്ര പോലെ അപകടങ്ങൾ നിറഞ്ഞ പ്രദേശങ്ങളിൽ സൈൻ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ജെ. മാക്സി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ചെല്ലാനം ഗ്രാമത്തെ കടലാക്രമണ ഭീഷണിയിൽനിന്നും പ്രതിരോധിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയ സർക്കാരിനെ അഭിനന്ദിക്കുന്നു. മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. കായലുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചതും മത്സ്യബന്ധന തുറമുഖങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും ശ്ലാഘനീയമാണ്. ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനങ്ങൾ നൽകിയതും അപകട ഇൻഷ്വറൻസ് വർദ്ധിപ്പിച്ചതും മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ

വിദ്യാഭ്യാസം സൗജന്യമാക്കിയതും അഭിനന്ദാർഹമാണ്. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർക്കാർ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഗതാഗത വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമിലൂടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി വകുപ്പിന്റെ ഭൂരിഭാഗം സേവനങ്ങളും ഓൺലൈൻ മുഖേന ലഭ്യമാക്കാനും 'വാഹൻ സാരഥി' സോഫ്റ്റ്വെയറിലൂടെ ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാക്കാനും സാധിച്ചിട്ടുണ്ട്. സബ് ആർ.ടി. ഓഫീസുകളിൽ ഇ-ഓഫീസ് സമ്പ്രദായവും എല്ലാ ജില്ലകളിലും 'സേഫ് കേരള' പദ്ധതിയും നടപ്പിലാക്കിയതിനു പുറമെ മോട്ടോർ വാഹന വകുപ്പ് പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗതാഗതവകുപ്പിന്റെ സേവനങ്ങൾ ആധുനികവൽക്കരിക്കാനും മെച്ചപ്പെട്ടതാക്കാനും സാധിച്ചിട്ടുണ്ട്. എല്ലാ സേവനങ്ങളും ഓൺലൈൻ മുഖേന ഉറപ്പുവരുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. വാളയാർ, ആര്യങ്കാവ് ചെക്ക് പോസ്റ്റുകളെ മാതൃകാ ചെക്ക്പോസ്റ്റുകളാക്കി മാറ്റാൻ സാധിച്ചു. അന്താരാഷ്ട്ര സുരക്ഷാ സവിശേഷതയുള്ള ഡ്രൈവിംഗ് ലൈസൻസും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കാനും റോഡ് സുരക്ഷാ

അതോറിറ്റിയുടെ ഭാഗമായി ആറ് ജില്ലകളിൽ കൺട്രോൾ റൂം തുറക്കാനും സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ ആദ്യത്തെ സോളാർ യാത്രാബോട്ടായ 'ആദിത്യ' പുറത്തിറക്കാനും വാട്ടർ ടാക്സിയും അതിവേഗ എ.സി. ബോട്ടായ 'ലക്ഷ്യയും' യാഥാർത്ഥ്യമാക്കാനും സാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താൻ 4445 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടത്തുന്ന ശാസ്ത്രീയ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. ജോയിന്റ് ആർ.ടി.ഒ.-മാർക്ക് ടെക്നിക്കൽ യോഗ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. സി. മുകുന്ദൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന മണ്ണെണ്ണയുടെ വില വർദ്ധനവിൽ അടിയന്തര ഇടപെടൽ നടത്താനും അവരുടെ മക്കൾക്ക് ഓൺലൈൻ വിദ്യാഭ്യാസം ഉറപ്പുവരുത്താനും വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്താനും പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുവാനും നടപടി സ്വീകരിക്കണം. കോവിഡ് പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട സ്വകാര്യ ബസ്, ടാക്സി, ഓട്ടോ തൊഴിലാളികളെ സഹായിക്കുന്നതിനും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും പരമ്പരാഗത

തൊഴിലിലേർപ്പെടുന്നവർക്കും നേരിട്ട് സാമ്പത്തികസഹായം ലഭ്യമാക്കാനും തയ്യാറാകണം.

ശ്രീ. പി. പി. ചിത്തരഞ്ജൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി.-യെയും ജീവനക്കാരെയും സംരക്ഷിക്കാൻ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്. പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതും പ്രതികൂല സാഹചര്യത്തിലും തൊഴിലാളികൾക്ക് 1,500 രൂപ ധനസഹായം അനുവദിച്ചതും ബസുകളുടെ പ്രവർത്തനനഷ്ടം കുറയ്ക്കുന്നതിനായി ഡീസൽ ബസുകൾ സി.എൻ.ജി.-യിലേക്ക് മാറ്റുന്നതും അഭിനന്ദനാർഹമാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളപരിഷ്കരണം അടിയന്തരമായി നടപ്പാക്കണം. ജലഗതാഗത മേഖലയിൽ ഇന്ത്യയിലെ ആദ്യത്തെ സോളാർ ബോട്ട് യാഥാർത്ഥ്യമാക്കിയതും ടൂറിസം ബോട്ടിന്റെ പ്രവർത്തനമാരംഭിച്ചതും ശ്ലാഘനീയമാണ്. ബോട്ടിന്റെ പ്രവർത്തനം കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനും വാട്ടർ ടാക്സി, വാട്ടർ ആംബുലൻസ്, സോളാർ ബോട്ടുകൾ, അതിവേഗ എ.സി. ബോട്ട് എന്നിവയുടെ എണ്ണം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. 'പുനർഗേഹം' പദ്ധതിയിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കാനും ഭൂമിയും വീടും ഇല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക പദ്ധതി

നടപ്പാക്കാനും മത്സ്യബന്ധനോപകരണങ്ങൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകുന്നതിനായി ഇൻഷ്വറൻസ് സ്കീം നടപ്പാക്കാനും തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകാനും സുനാമി കോളനികളിലെ ജീർണ്ണാവസ്ഥയിലുള്ള വീടുകളുടെ പുനരുദ്ധാരണത്തിനും നടപടി സ്വീകരിക്കണം. ജലാശയങ്ങൾ വൃത്തിയാക്കുന്ന പദ്ധതി ത്വരിതപ്പെടുത്തണം. വിദ്യാഭ്യാസ ഗ്രാന്റ് കൃത്യമായി നൽകുന്നതിനും ഉല്പാദക ബോണസ് നടപ്പാക്കുന്നതിനും ഹാർബറുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തുമ്പോളി ഫിഷ് ലാന്റിംഗ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിനും കാട്ടൂർ പ്രദേശത്തെ മിനി ഫിഷ് ലാന്റിംഗ് സെന്റർ വികസിപ്പിക്കുന്നതിനും നടപടിയുണ്ടാകണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): കാലോചിതമായ മാറ്റങ്ങൾ ഉണ്ടാകാത്തതാണ് കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാകാൻ കാരണം. കോവിഡ് മഹാമാരിയും ഇന്ധനവില വർദ്ധനവും സൗജന്യ യാത്രകളും ഇളവുകളും നൽകുന്നതും വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതും കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച ചർച്ചകൾ നടക്കുകയാണ്. ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റി ചെലവ് കുറയ്ക്കുന്നതിന്

നടപടി സ്വീകരിക്കുകയും കിഫ്ബിയിൽ ഉൾപ്പെടുത്തി സി.എൻ.ജി./ ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും പൊതുജനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്നതിനുള്ള സംവിധാനം ആഗസ്റ്റ് മാസം മുതൽ ആരംഭിക്കും. സ്വകാര്യ പങ്കാളിത്തത്തോടെ ഡിപ്പോകളിൽ വൃത്തിയുള്ള ശുചിമുറികൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്. മിൽമ, കുടുംബശ്രീ, എണ്ണക്കമ്പനികൾ, ഹോർട്ടികോർപ്, ട്രൈബൽ വികസന വകുപ്പ് എന്നിവയുമായി ചേർന്ന് 'ഷോപ് ഓൺ വീൽ' പദ്ധതിക്ക് തുടക്കം കുറിക്കുകയും മൂന്നാറിൽ ബസ് ലോഡ്ജ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. കെട്ടിടങ്ങളിൽ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുകയും ചിങ്ങം 1-ന് ആദ്യത്തെ സൂപ്പർ മാർക്കറ്റ് തമ്പാനൂരിൽ പ്രവർത്തനമാരംഭിക്കുകയും ചെയ്യും. സർക്കാർ നിയന്ത്രണത്തിലുള്ള സ്വതന്ത്ര കമ്പനിയായ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് രൂപീകരിച്ച് കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്ന ബസ്സുകൾ ദീർഘദൂര സർവ്വീസ് നടത്തുകയും 10

വർഷത്തിനുള്ളിൽ സ്വിഫ്റ്റിന്റെ മുഴുവൻ ആസ്തിയും കെ.എസ്.ആർ.ടി.സി.-യിൽ ലയിപ്പിക്കുകയും ചെയ്യും. ഗ്രാമപ്രദേശങ്ങളിലൂൾപ്പെടെ സർവ്വീസ് നടത്തുന്ന ഗ്രാമവണ്ടി പദ്ധതിയുടെ ഇന്ധനച്ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളി സ്ത്രീകൾക്കായി ഫിഷറീസ് വകുപ്പും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സൗജന്യ സമുദ്ര ബസ് സർവ്വീസ് ഉടൻ ആരംഭിക്കുന്നതാണ്. സിറ്റികളിലെ പ്രധാന ഓഫീസ്, ഇതര സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് 'സിറ്റി സർക്കുലർ' സർവീസ് ആരംഭിക്കുന്നതാണ്. മോട്ടോർ വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയപരിധി ആഗസ്റ്റ് മാസംവരെ ദീർഘിപ്പിച്ചുനൽകിയിട്ടുള്ളതും രണ്ട് ക്വാർട്ടറുകളിലെ നികുതി ഒഴിവാക്കുന്ന കാര്യം പരിഗണനയിലുമാണ്. വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിന് റഡാർ ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളതും 'സേഫ് കേരള' പദ്ധതിയുടെ ഭാഗമായി 700 ആട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ ക്യാമറകൾ സ്ഥാപിക്കുന്നതുമാണ്. അമിത വേഗതയ്ക്കും അലക്ഷ്യ ഡ്രൈവിംഗിനും പിഴ ഈടാക്കുന്നതും പിഴ അടയ്ക്കാത്ത വാഹനങ്ങളെ വാഹൻ ഡാറ്റാ ബാങ്കിൽ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസിന്മേൽ നടപടി സ്വീകരിക്കുന്നതും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതുമാണ്.

10 സ്ഥലങ്ങളിൽ കമ്പ്യൂട്ടർവൽകൃത വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും 75 സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിനുള്ള കരട് ടെണ്ടർ സജീവ പരിഗണനയിലുമാണ്. വിദഗ്ദ്ധ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി റീവാംപിംഗ് പ്ലാൻ തയ്യാറാക്കി കെ.ടി.ഡി.എഫ്.സി.-യെ ശക്തിപ്പെടുത്തുന്നതാണ്. പൊതുജനങ്ങൾക്ക് ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് പുതിയ വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ബേക്കൽ - കോവളം ജലപാത യാഥാർത്ഥ്യമാക്കുകയും കൂടുതൽ ബോട്ടുകൾ സജ്ജമാക്കി യാത്ര സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): കിഫ്ബി മുഖേന ധാരാളം പദ്ധതികൾ തീരദേശ മേഖലയിൽ നടപ്പാക്കിയിട്ടുണ്ട്. തീരദേശ/ഉൾനാടൻ മത്സ്യ/അനുബന്ധ മേഖലകളിൽ സമഗ്രമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകാനാണുദ്ദേശിക്കുന്നത്. പുനർഗേഹം പദ്ധതി ശക്തിപ്പെടുത്തുന്നതും മത്സ്യബന്ധന സ്ത്രീ തൊഴിലാളികൾക്ക് സൗജന്യ ബസ് സർവ്വീസ് ആരംഭിക്കുന്നതും തലച്ചുമട് മത്സ്യവിൽപ്പനക്കാർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതുമാണ്. എല്ലാ

ജില്ലകളിലും സീ ഫുഡ് റസ്റ്റോറന്റുകൾ ആരംഭിക്കുന്നതും വനിതാ സംരംഭങ്ങൾ വ്യാപിപ്പിക്കുന്നതും ഫിഷ് മാർട്ടിന്റെ 100 സ്റ്റാളുകൾകൂടി ആരംഭിക്കുന്നതും മത്സ്യോൽപ്പാദനം ഇരട്ടിയാക്കി ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതും ഇ-ഓഫീസ് സംവിധാനം മെച്ചപ്പെടുത്തുന്നതുമാണ്. കേരളത്തിനാവശ്യമായ മത്സ്യവിഭവങ്ങൾ ഉല്പാദിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഉൾനാടൻ മത്സ്യമേഖലയിൽ നടപ്പാക്കാനും മത്സ്യ വിത്തുല്പാദനം സ്വയംപര്യാപ്തതയിലെത്തിക്കാനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് മാതൃകാ മത്സ്യ ഗ്രാമം പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. തീരദേശ സംരക്ഷണ പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. 'പരിവർത്തനം' പദ്ധതിയിലൂടെ മത്സ്യ ഉപഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് മത്സ്യമേഖലയിൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കാനും ഉത്തരവാദിത്വ

മത്സ്യബന്ധനമെന്ന അവബോധം സൃഷ്ടിക്കാനും അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാനുമാണ് സർക്കാർ ശ്രമിക്കുന്നത്. വിദേശ വിപണിയിൽ സാധ്യതയുള്ള മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനായി കണ്ണൂരിൽ ഒരു ഹാച്ചറി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കടൽ സുരക്ഷാ സംവിധാനങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്താനായി മത്സ്യത്തൊഴിലാളികൾക്ക് ബോധവത്ക്കരണം നൽകാനും കൂടുതൽ സുരക്ഷാ ഉപകരണങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കാനും ഹാർബറുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനും മത്സ്യസഹകരണ സംഘങ്ങളുടെ പ്രതിസന്ധി പരിഹരിക്കാനുമാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ദുരന്തനിവാരണ പ്രവർത്തനത്തിനുതകുംവിധം മത്സ്യത്തൊഴിലാളികളായ ചെറുപ്പക്കാർക്ക് ട്രെയിനിംഗ് നൽകാൻ ഉദ്ദേശിക്കുന്നു. തീരദേശത്തെ കുട്ടികൾക്ക് സൗജന്യമായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി 'ജ്യോതിർഗമയ' പദ്ധതി നടപ്പാക്കാനും മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ഏറ്റെടുത്ത് പഠിപ്പിക്കാനും ഉന്നത/സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തൊഴിൽ മേളകൾ സംഘടിപ്പിക്കാനും പീലിംഗ് ഷെഡ്ഡുകൾ നവീകരിക്കാനും മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കാനും

ഉൾനാടൻ മത്സ്യ വിപണി ശക്തിപ്പെടുത്താനും മത്സ്യഭവനുകളെ ശാക്തീകരിക്കാനും നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വാഹന നികുതികൾ എന്ന IX -ാം നമ്പർ ധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയും അനുവദിക്കണമെന്ന പ്രമേയം സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(സഭ ഉച്ചയ്ക്കുശേഷം 2.21-ന് പിരിഞ്ഞു.)

*******